പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6535

21/11/2019-ൽ മറുപടിയ്ക്ക്

## മാവേലിക്കര മണ്ഡലത്തിലെ സ്കൂളുകളുടെ നിലവാരമുയർത്താൻ പദ്ധതികൾ

ചോദ്യം

**ശ്രീ.ആർ. രാജേഷ്**

മറുപടി

പ്രൊഫ.സി.രവീന്ദ്രനാഥ്

(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളുടെ നിലവാരമുയർത്തുന്നതിന് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കിഫ്ബി ധനസഹായത്തോടെ 5 കോടി, 3 കോടി, ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടപ്പാക്കി വരുന്നത്. ആയതിൽ മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ട സ്കൂളുകൾ ചുവടെ ചേർക്കുന്നു.

മാവേലിക്കര ജി.ജി.എച്ച്.എസ്.എസ്. – 5 കോടി

ജി.എച്ച്.എസ്.എസ്. ചുനക്കര, – 3 കോടി

ജി.കെ.കെ.എം.എച്ച്.എസ്.എസ്. വള്ളിക്കുന്നം – 3 കോടി

ജി.എസ്.വി.എച്ച്.എസ്.എസ്.കുടശ്ശനാട് – 1 കോടി

ജി.എൽ.പി.എസ് മറ്റത്തിൽ ഭാഗം – 1 കോടി

ജി.വി.എച്ച്.എസ്.എസ് മാവേലിക്കര – 1 കോടി

ജി.എച്ച്.എസ്.എസ് കുന്നം – 1 കോടി

ഇതിൽ അഞ്ച് കോടി രൂപ പദ്ധതിയിൽ ഉൾപ്പെട്ട ജി.ജി.എച്ച്.എസ്.എസ്. മാവേലിക്കരയുടെ 37% വർക്ക് പൂർത്തീകരിച്ചു കഴിഞ്ഞു. മൂന്നു കോടിയുടെ പദ്ധതിയിൽ ഉൾപ്പെട്ട ജി.കെ.കെ.എം.എച്ച്.എസ്.എസ് വള്ളിക്കുന്നം സ്കൂളിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരന് കൈമാറിയിട്ടുണ്ട്.

ചുനക്കര GHSS-ന്റെ നിർമ്മാണത്തിനുള്ള SPV യായി INKEL-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഒരു കോടി കിഫ്ബി ഫണ്ടിലുൾപ്പെട്ട GSVHSS കുടശ്ശനാട്, GLPS മറ്റത്തിൽ ഭാഗം, GVHSS മാവേലിക്കര, GHSS കുന്നം എന്നീ സ്കൂളുകളുടെ നിർമ്മാണത്തിനുള്ള SPV യായി KILA യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | മാവേലിക്കര മണ്ഡലത്തിലെ ഹെറിറ്റേജ് സ്കൂളുകളുടെ നിലവാരമുയർത്തുന്നതിന് ഡി.പി.ആർസമർപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ. പ്രകാരമുള്ള തുക അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ പരിശോധിച്ചു വരുന്നു. |

Namitha.P

സെക്ഷൻ ഓഫീസർ